# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X
## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**
**(2016-2017)**

**FIRST REPORT ON THE SCRUTINY OF**
**DEMANDS**
**FOR GRANTS**
**(2016-2017)**

2016. സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on September 26th, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

2016

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X
# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST, ENVIRONMENT AND TOURISM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്
(2016-2017)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-2017)

837/2016.

# ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന .. v

അവതാരിക .. vii

റിപ്പോർട്ട് .. 1

# സബ്ജക്ട് കമ്മിറ്റി X
# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (2016-2018)

## ഘടന

ചെയർമാൻ:

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. എ. സി. മൊയ്തീൻ,
സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാംകുമാർ, എസ്. പി., അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി 27-7-2016, 8-8-2016 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XVII — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം
മേജർ ഹെഡ് -3435 എക്കോളജിയും
എൻവയോൺമെന്റും

ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധജലവിതരണവും ശുചീകരണവും
മേജർ ഹെഡ് 2215-02-106-വായു,
ജലമലിനീകരണം തടയൽ
190(98) കേരള സംസ്ഥാന മലിനീകരണ
നിയന്ത്രണ ബോർഡ്

ധനാഭ്യർത്ഥന നമ്പർ XXXIV —വനം

ധനാഭ്യർത്ഥന നമ്പർ XLII —വിനോദസഞ്ചാരം

മേൽപ്പറഞ്ഞ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

22-8-2016 തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതിX.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 22.

# റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XXXIV - വനം
വോട്ട് ചെയ്തത് : 671,58,16,000 രൂപ
ചാർജ് ചെയ്തത് : 5,00,000 രൂപ

## പ്ലാൻ ഫണ്ട്

4406-01-101-99(1) - വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും )
ബഡ്ജറ്റ് വിഹിതം - 2500 ലക്ഷം രൂപ

1. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29.01% വനമേഖലയാണ്. വനസമ്പത്ത് കയ്യേറുന്നതിൽ നിന്ന് സംരക്ഷണം നൽകേണ്ടത് ഫലപ്രദമായ വനപരിപാലനത്തിന് അനിവാര്യമാണ്. വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം, നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനം, മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, വാർത്താവിനിമയ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഇക്കോ സംരക്ഷണ പ്രവർത്തനങ്ങൾ, വനവല്ക്കരണ ജോലികളിൽ യന്ത്രവല്ക്കരണം, വനാതിർത്തികളുടെ സർവ്വേ, കേടുവന്ന ജണ്ടകളുടെ അറ്റകുറ്റപ്പണി എന്നിവയാണ് ഈ വിഭാഗത്തിൽ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളെന്ന് സമിതി മനസ്സിലാക്കുന്നു. പുതുതായി 2500 ജണ്ടകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള 5000 ജണ്ടകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും 25 കി.മീറ്റർ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനും നടപ്പുവർഷം ഈ ശീർഷകത്തിൽ അനുവദിച്ച 2500 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-800-91- പരിസ്ഥിതി വിനോദസഞ്ചാരം
ബഡ്ജറ്റ് വിഹിതം - 820 ലക്ഷം രൂപ

2. കോഴിക്കോട് ജില്ലയിലെ സംരക്ഷണ പാർക്ക്, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കാപ്രിക്കോട് ബയോളജിക്കൽ പാർക്ക് കോഴിക്കോട് ചാലിയത്തുള്ള ഔഷധ സസ്യസംരക്ഷണ കേന്ദ്രം നെടുമ്പാശ്ശേരിയിലെ ജൈവ വൈവിധ്യ പ്ലാന്റായ സുവർണ്ണോദയം കോന്നിയിലെ ആദിവാസി ഇക്കോ ടൂറിസം തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം എന്നിവയുടെ പ്രവർത്തനങ്ങൾക്കും തെന്മല, ആതിരപ്പിള്ളി തുടങ്ങിയ വന്യമൃഗങ്ങൾ ധാരാളമുള്ള സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും, വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിശ്രമസങ്കേതങ്ങൾ സജ്ജമാക്കുന്നതിനും,

വനപൈതൃക സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും, ഇക്കോ-ടൂറിസം സെന്ററുകളെ ബന്ധിപ്പിക്കുന്ന ഇടറോഡുകൾ നവീകരിക്കുന്നതിനും തദ്ദേശവാസികളുടെയും വനസംരക്ഷണ സമിതികളുടെയും പങ്കാളിത്തത്തോടെ കൂടുതൽ പ്രദേശങ്ങൾ ഇക്കോ-ടൂറിസം കേന്ദ്രങ്ങളാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ അനുവദിച്ച 820 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-800-56- മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

ബഡ്ജറ്റ് വിഹിതം - 757 ലക്ഷം രൂപ

3. വന്യജീവികൾ, പ്രത്യേകിച്ചും ആനകൾ, കടുവകൾ, കാട്ടുപന്നികൾ, കരടികൾ, വിഷ പാമ്പുകൾ എന്നിവ വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെ ജീവനും കന്നുകാലികൾക്കും കാർഷിക വിളകൾക്കും നാശനഷ്ടമുണ്ടാക്കുന്നു. വന്യമൃഗങ്ങളെ തടയുന്നതിനായി ആനകിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നീ പ്രതിരോധങ്ങൾ നിർമ്മിക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ വിളനാശമോ ജീവഹാനിയോ അപകടമോ സംഭവിക്കുന്നവർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിനും, വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ആവശ്യമായ മേച്ചിൽ സ്ഥലങ്ങളും തീറ്റയും ഏർപ്പെടുത്തി ഇവ വനത്തിന് പുറത്തേയ്ക്ക് പോകുന്നത് തടയുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച 757 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺപ്ലാൻ ഫണ്ട്

4. വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന വിവിധ ശീർഷകങ്ങളിൽ 27.17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ക്രമ നം | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ചീഫ് കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 9.68 |
| 2 | 2406-01-001-98 സർക്കിൾ | |

| | | |
|---|---|---|
| | കൺസർവേറ്ററുടെ ആഫീസ് 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 2.58 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 4.52 |
| 4 | 2406-01-001-95 ജില്ലാ ആഫീസുകൾ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് | 10.39 |
| | **ആകെ** | **27.17** |

5. വനം വകുപ്പ് ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന 97.01 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങളിൽ 40.49 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| ക്രമ നം | ശീർഷകം | അധികം ആവശ്യമുള്ള സംഖ്യ ( രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | 2406-01-001-99 ചീഫ് കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 10.64 |
| 2 | 2406-01-001-98 സർക്കിൾ കൺസർവേറ്ററുടെ ആഫീസ് 04(1) യാത്രാബത്ത | 3.95 |
| 3 | 2406-01-001-97 പ്രവർത്തന പദ്ധതിക്കും ഗവേഷണത്തിനുമായുള്ള സർക്കിൾ 04(1) യാത്രാബത്ത | 1.68 |
| 4 | 2406-01-001-96 വിജിലൻസും വിലയിരുത്തലും വിഭാഗം 04(1) യാത്രാബത്ത | 13.22 |
| 5 | 2406-01-001-95 ജില്ലാ ആഫീസുകൾ 04(1) യാത്രാബത്ത | 11.00 |
| | **ആകെ** | **40.49** |

2406-01-001-99 - <u>ചീഫ് കൺസർവേറ്ററുടെ ആഫീസ്</u>

05(2) വൈദ്യുത ചെലവ്
ബഡ്ജറ്റ് വിഹിതം - 50 ലക്ഷം രൂപ

6. ചീഫ് കൺസർവേറ്ററുടെ ആഫീസിലെ വൈദ്യുത ചെലവിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-070-98 - കെട്ടിടങ്ങൾ
-18 അറ്റകുറ്റപ്പണികൾ
ബഡ്ജറ്റ് വിഹിതം - 60 ലക്ഷം രൂപ

7. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV
## ജൈവവൈവിധ്യ ബോർഡ്

2406-02-110-59-31-ശമ്പളം (നോൺ പ്ലാൻ)
ബഡ്ജറ്റ് വിഹിതം - 68.97 ലക്ഷം രൂപ

2406-02-110-59-36-ശമ്പളേതരം ( നോൺ പ്ലാൻ)
ബഡ്ജറ്റ് വിഹിതം - 12.87 ലക്ഷം രൂപ

8. കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് (കെ.എസ്.ബി.ബി) ചെയർമാൻ, എക്സ്പർട്ട് കൺസൾട്ടന്റ് സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഈ സാമ്പത്തികവർഷം അനുവദിച്ച തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ 2402-02-110-59-31-ശമ്പളം എന്ന ശീർഷകത്തിൽ 68.39 ലക്ഷം രൂപയും, 2406-02-110-59-36 ശമ്പളേതരം എന്ന ശീർഷകത്തിൽ 12.93 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയേതരയിനങ്ങളിൽ ആകെ 81.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII
## വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് - 31,67,68,000
ചാർജ്ജ് ചെയ്തത് - ഇല്ല.

### പരിസ്ഥിതി വകുപ്പ്

3435-60-800-99 - പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ
ബഡ്ജറ്റ് വിഹിതം - 150 ലക്ഷം രൂപ (പ്ലാൻ)

9. പരിസ്ഥിതി വകുപ്പിന് കീഴിൽ 2007-ൽ സ്ഥാപിതമായ പരിസ്ഥിതി പരിപാലന ഏജൻസി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റായി ഉയർത്തപ്പെട്ടു. Wet Land Conservation & Management Rules 2010 പ്രകാരമുള്ള Wet-land Nodal Agency കൂടിയാണ് ഈ കാര്യാലയം. ഡയറക്ടറേറ്റിന്റെയും, കോട്ടയം, കോഴിക്കോട് ജില്ലകളിലെ മേഖലാ ആഫീസുകളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിടങ്ങൾക്കുള്ള വാടക എന്നിവ നൽകുന്നതിനും, ഫർണിച്ചർ, ആഫീസ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 150 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3435-04-103-97- സംസ്ഥാന സമഗ്രമാതൃകാ മാലിന്യസംസ്കരണ പദ്ധതി
ബഡ്ജറ്റ് വിഹിതം - 100 ലക്ഷം രൂപ (പ്ലാൻ)

10. സംസ്ഥാനത്ത് ദ്രുതഗതിയിലുള്ള നഗരവൽക്കരണവും, മാറിയ ജീവിത സാഹചര്യങ്ങളും നഗരപ്രദേശങ്ങളിലെ ജനസംഖ്യാവർദ്ധനവും വർദ്ധിച്ച തോതിലുള്ള മാലിന്യ നിക്ഷേപത്തിനും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ഖര/ദ്രവ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാതൃകാ പ്ലാന്റ് സ്ഥാപിക്കാൻ ചുമതലപ്പെടുത്തിയ NIIST ക്ക് രണ്ടാമത്തെ തവണ തുക നൽകുന്നതിനും, സമഗ്ര മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII
## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

3435-04-103-96 - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് -
ബഡ്ജറ്റ് വിഹിതം : 950 ലക്ഷം രൂപ (പ്ലാൻ)

11. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനായി ഈ നടപ്പുവർഷം 950 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതി കാലയളവിൽ ബോർഡ് ചുവടെ ചേർത്തിരിക്കുന്ന 3 പുതിയ പദ്ധതികൾ ലക്ഷ്യമിടുന്നു.

| | | |
|---|---|---|
| 1. | പരിസ്ഥിതി മ്യൂസിയവും പരിശീലന കേന്ദ്രവും | 200 ലക്ഷം രൂപ |
| 2. | ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനത്തിനുള്ള പൊതു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കേന്ദ്രസഹായത്തിന്റെ സംസ്ഥാന വിഹിതം | 200 ലക്ഷം രൂപ |
| 3. | അപകടകാരികളായ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കേന്ദ്രപദ്ധതിയുടെ സംസ്ഥാന വിഹിതം | 50 ലക്ഷം രൂപ |
| | ആകെ | 450 ലക്ഷം രൂപ |

ആയതിനാൽ മേൽപ്പറഞ്ഞ മൂന്ന് പദ്ധതികൾക്കുമായി 3435-04-103-96 എന്ന ശീർഷകത്തിൽ 450 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII
## വിനോദസഞ്ചാരം

വോട്ട് ചെയ്തത് : 40,329,30,000 രൂപ
ചാർജ്ജ് ചെയ്തത് : ഇല്ല

### പ്ലാൻ ഫണ്ട്

3452-01-102-89 - കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ മാലിന്യവിമുക്ത മേഖലയാക്കൽ.
ബഡ്ജറ്റ് വിഹിതം : 400 ലക്ഷം രൂപ

12 സംസ്ഥാനത്ത് നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് പുറമെ പുതിയ 5 ടൂറിസ്റ്റ് കേന്ദ്രങ്ങൾ കൂടി 2016-17 കാലയളവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും, ഇതിലേയ്ക്ക് പുതിയ തൊഴിലാളികളുടെ സേവനം ആവശ്യമായതിനാലും, ആനുപാതികമായ വേതന വർദ്ധനവ് അനുവദിക്കേണ്ടിവരും എന്നതിനാലും ഈ ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-98-34 - ടൂറിസം വിപണനവും പ്രോത്സാഹനവും - 34-മറ്റ് ചെലവുകൾ.
ബഡ്ജറ്റ് വിഹിതം : 3500 ലക്ഷം രൂപ

13. ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ മുൻനിര സ്ഥാനം നിലനിർത്തുന്നതിനും, ദേശീയ, അന്തർദേശീയ തലത്തിൽ മികച്ച ടൂറിസം ബ്രാൻഡായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നൂതന വിനോദസഞ്ചാര വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ പദ്ധതി കാലയളവിൽ വകപ്പ് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനായി കേരള ടൂറിസത്തിന്റെ വെബ്സൈറ്റ്, പുതിയ പ്ലാറ്റ്ഫോമുകൾക്ക് (ഉദാ. മൊബൈൽ, ഐപാഡ്, ലാപ്ടോപ്പ് മുതലായവ) അനുഗുണമായ രീതിയിൽ ഉടച്ചുവാർക്കുന്നതിനും സോഷ്യൽ മീഡിയ വഴിയുള്ള നൂതനങ്ങളായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-97 - കേരള ടൂറിസം - പ്രോത്സാഹനവും വിപണനവും
ബഡ്ജറ്റ് വിഹിതം : 1650 ലക്ഷം രൂപ

14. കേരള ടൂറിസം ബ്രാൻഡിംഗ് ശക്തിപ്പെടുത്തുന്നതിനും, പുതിയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും, അവിടങ്ങളിൽ ഫലപ്രദമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, വളർന്നുവരുന്ന മാർക്കറ്റുകളായ അമേരിക്ക, ആസ്ത്രേലിയ, ചൈന, ജപ്പാൻ, റഷ്യ, ഉക്രൈൻ, സൗദിഅറേബ്യ, ദുബായ്, മലേഷ്യ, അയർലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ കൂടുതൽ ഫലപ്രദമായ രീതിയിൽ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും കൂടുതൽ ദേശീയ അന്തർദേശീയ ടൂറിസം ഫെയറുകളും, റോഡ് ഷോകളും സംഘടിപ്പിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 1650 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 850 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-97 - വിനോദസഞ്ചാര സ്ഥാപനങ്ങളുടെ നവീകരണത്തിനും ശക്തിപ്പെടുത്തുന്നതിനും ഒരു ആസൂത്രണ വിലയിരുത്തൽ വിഭാഗം സ്ഥാപിക്കുന്നതിനും.

ബഡ്ജറ്റ് വിഹിതം : 165 ലക്ഷം രൂപ

15. കേരളത്തിലെത്തുന്ന വിദേശ സഞ്ചാരികളുടെ വരവിനനുസരിച്ച് അന്തർദേശീയ നിലവാരത്തിൽ ടൂറിസം കേന്ദ്രങ്ങളെ ആധുനികവൽക്കരിക്കേണ്ടത് അനിവാര്യമാണ്. ആയതിനായി ടൂറിസം വകുപ്പിനു കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ, യാത്രീ നിവാസുകൾ, കേരളാ ഹൗസുകൾ, കേരളത്തിനകത്തും പുറത്തുമുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് അധിക തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-90(26)-33 - സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം - സബ്സിഡി.

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ

16. ടൂറിസം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച ടൂറിസം നയത്തിന്റെ ചുവടുപിടിച്ച് ടൂറിസം പദ്ധതികളുടെ അതിവേഗ ക്ലിയറൻസ് സംവിധാനം, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദം ഹോം സ്റ്റേ സംരംഭകർക്ക് വിദേശീയവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം രൂപപ്പെടുത്തുന്നതിനും 2013-14 മുതലുള്ള ഇൻവെസ്റ്റ്മെന്റ് / ഇലക്ട്രിസിറ്റി സബ്സിഡികൾ അനുവദിക്കുന്നതിനുമായി 15 കോടിയോളം രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നടപ്പു വർഷത്തേക്ക് അനുവദിച്ച 50 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 1450 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-34 - ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ

17. കേരളത്തിലെ എല്ലാ ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും, അതുമായി ബന്ധപ്പെട്ട് ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നതിനും ടൂറിസത്തെ മറ്റ് വികസന പദ്ധതികളുമായി

ബന്ധപ്പെടുത്തുന്നതിനും, ടൂറിസം പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിനും 'റെസ്പോൺസിബിൾ ടൂറിസം ക്ലാസിഫിക്കേഷൻ സ്കീം' കേരളത്തിലെ മുഴുവൻ ഹോട്ടലുകളിലും ഹോംസ്റ്റേകളിലും നടപ്പിലാക്കുന്നതിനും, ഉത്തരവാദിത്ത ടൂറിസം പദ്ധതിയെക്കുറിച്ചുള്ള അവബോധം ടൂർ ഓപ്പറേറ്റർമാർക്ക് (വിദേശ-സ്വദേശം) നൽകുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 110 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 190 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-800-84 - മുസിരിസ് - സ്പൈസ് റൂട്ട് പൈതൃക പദ്ധതി
ബഡ്ജറ്റ് വിഹിതം : 1800 ലക്ഷം രൂപ

18. എറണാകുളം ജില്ലയിലെ പറവൂർ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, ചേന്ദമംഗലം എന്നീ സ്ഥലങ്ങളിലെ ചരിത്ര സ്മാരകങ്ങളെ ബന്ധിപ്പിച്ച് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിക്കും സ്പൈസ് റൂട്ട് പദ്ധതിക്കും സംസ്ഥാനത്തെ ഇതര ഹെറിറ്റേജ് പദ്ധതികൾക്കുമായി 1800 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക തുലോം അപര്യാപ്തമായതിനാൽ പദ്ധതിയുടെ തുടർന്നുള്ള സുഗമമായ നടത്തിപ്പിന് ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-800-87 - അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
ബഡ്ജറ്റ് വിഹിതം : 1000 ലക്ഷം രൂപ

19. ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ കേരളത്തിനകത്ത് 25 ഗസ്റ്റ് ഹൗസുകളും 3 യാത്രീ നിവാസുകളും കേരളത്തിനു പുറത്ത് 2 കേരളാ ഹൗസുകളും പ്രവർത്തിച്ചുവരുന്നു. പുതുതായി ഏതാനും യാത്രീനിവാസുകൾ സജ്ജമാക്കുന്നതിനും, സുൽത്താൻ ബത്തേരി, മൂന്നാർ, പൊന്മുടി, കോഴിക്കോട് എന്നിവിടങ്ങളിലെ പുതുതായി പണിയുന്ന ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കുന്നതിനും, പുരാതനവും പ്രാധാന്യമർഹിക്കുന്ന 12 ഗസ്റ്റ് ഹൗസുകളുടെയും പ്രധാനപ്പെട്ട ഗസ്റ്റ് ഹൗസുകളായ തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, ആലപ്പുഴ, ചെറുതുരുത്തി എന്നിവ ഉൾപ്പെടെ 25 ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കുമായി അനുവദിച്ചിരിക്കുന്ന 1000 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

3452-01-103-99 - ടൂറിസ്റ്റ് ഗതാഗതം

05 - ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 4.74 ലക്ഷം രൂപ

20. ബഹു മന്ത്രിമാർക്കും പ്രതിപക്ഷനേതാവ്, മറ്റ് വി.ഐ.പി., വി.വി.ഐ.പി എന്നിവർക്കും നൽകുന്നതിനായുള്ള ടൂറിസം വകുപ്പിന് കീഴിവുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച 4.74 ലക്ഷം രൂപ പര്യാപ്തമല്ലെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ 1.26 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99 - ടൂറിസ്റ്റ് ഗതാഗത സേവനം

21-2 - മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും.

ബഡ്ജറ്റ് വിഹിതം : 144.15 ലക്ഷം രൂപ

21. ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച 144.15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 15.85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99 - ടൂറിസ്റ്റ് ഗതാഗത സേവനം

45 - പി.ഒ.എൽ

ബഡ്ജറ്റ് വിഹിതം : 140 ലക്ഷം രൂപ

22. ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 140 ലക്ഷം രൂപ പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 60 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-99

34 - 3- മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 72 ലക്ഷം രൂപ

23. സർക്കാരിന്റെ വിശിഷ്ടാതിഥികൾ, മറ്റ് അതിഥികൾ എന്നിവരുടെ താമസം, ഭക്ഷണം, വാഹനം എന്നിവയ്ക്കും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-97 - റീജിയണൽ ജോയിന്റ് ഡയറക്ടറുടെ ആഫീസുകൾ
24 - സാധന സാമഗ്രികൾ
ബഡ്ജറ്റ് വിഹിതം : 1000 രൂപ

3452-80-001-97 - റീജിയണൽ ഡയറക്ടറുടെ ആഫീസ്
34 - മറ്റ് ചെലവുകൾ
ബഡ്ജറ്റ് വിഹിതം : 7.5 ലക്ഷം രൂപ

24. ടൂറിസം വകുപ്പിന് കീഴിലുള്ള 3 റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ സാധന സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-97
24 - സാധന സാമഗ്രികൾ - 49,000 രൂപ

3452-80-001-97
34 - മറ്റ് ചെലവുകൾ - 2.5 ലക്ഷം രൂപ

ബഡ്ജറ്റ് വിഹിതം

3452-80-001-96 - ജില്ലാ ഓഫീസുകൾ
04 - യാത്രാചെലവ് - 1.57 ലക്ഷം രൂപ
3452-80-001-96 - ജില്ലാ ഓഫീസുകൾ
05-3 - ടെലഫോൺ ചാർജ് - 1.21 ലക്ഷം രൂപ

25. ടൂറിസം വകുപ്പിനു കീഴിലുള്ള 11 ജില്ലാ ഓഫീസുകളിലെ യാത്രാചെലവ്, ടെലഫോൺ ചാർജ് എന്നീ ഇനങ്ങളിൽ നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-96
04- യാത്രാചെലവ് - 2.5 ലക്ഷം രൂപ
3452-80-001-96
05-3 - ടെലഫോൺ ചാർജ് - 5.00 ലക്ഷം രൂപ

3452-80-001-95 - ഗസ്റ്റ് ഹൗസുകളും യാത്രീ നിവാസുകളും, ടൂറിസ്റ്റ് ലോഡ്ജുകളും

34 - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം - 30 ലക്ഷം രൂപ

26. ടൂറിസം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗസ്റ്റ് ഹൗസിനു വേണ്ട സാധന സാമഗ്രികൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-98 - ടൂറിസം വിപണനവും പ്രോത്സാഹനവും

08 - പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം: 50 ലക്ഷം രൂപ

27. ഓണം വാരാഘോഷത്തിനും മറ്റ് ആഘോഷ പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. രാജു,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി X.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.